എൻഡോസൾഫാൻ; അർഹരായവർക്ക് സഹായമെത്തിക്കണം: സുഗതകുമാരി

ബദിയടുക്ക: ഹോട്ടോ, ഡോക്യുമെന്ററി പ്രദർശനങ്ങൾ നടത്തിയത് കൊണ്ടുമാത്രം എൻഡോസൾഫാൻ ഇരകൾക്ക് പ്രയോജനമില്ലെന്ന് കവയിത്രി ബി. സുഗതകുമാരി.

പ്രദർശനത്തിന്റെ കാലങ്ങൾ അസ്തമിച്ചു. ഇനിയുള്ള നാളുകൾ പ്രവൃത്തികളിലൂടെ അർഹരായവരുടെ കൈകളിൽ സഹായം എത്തിക്കാൻ പഞ്ചായത്തും ജനകീയസമിതികളും ശ്രദ്ധിക്കണമെന്ന് ജില്ലാ പഞ്ചായത്ത് എൻമകജെ പഞ്ചായത്തിന്റെ സഹകരണത്തോടെ നടത്തിയ എൻഡോസൾഫാൻആരോഗ്യപ്രശ്നങ്ങൾ സെമിനാറിൽ അവർ പറഞ്ഞു.

എൻഡോസൾഫാൻ രോഗികളെ പുനരധിവസിപ്പിക്കാനായി അനുവദിച്ച 50 ലക്ഷം രൂപ ക്രിയാത്മകമായി സമയബന്ധിതമായി വിനിയോഗിക്കണം. പണം നഷ്ടപ്പെടുന്ന ഗതിവരരുത് ഇതു രോഗികൾക്ക് എങ്ങനെ ഉപയോഗിക്കണമെന്ന് മാർഗരേഖയുണ്ടാക്കണം.

പദ്ധതി നടത്തിപ്പിനെക്കുറിച്ച് മുഖ്യമന്ത്രിയുമായി താൻ സംസാരിക്കുമെന്നു പറഞ്ഞ കവയിത്രി സ്നേഹത്തിന്റെ നിറംകൂടി എന്ന സ്വന്തം കവിതയും ആലപിച്ചു.

ജില്ലാ പഞ്ചായത്ത് അംഗം രൂപവാണി ആർ. ഭട്ട് ഉദ്ഘാടനം ചെയ്തു. എൻമകജെ പഞ്ചായത്ത് അംഗം എ.പുഷ്പ അധ്യക്ഷത വഹിച്ചു.

ഡോ. എ.സുകുമാരൻ, പ്രഫ. എം.എ.റഹ്മാൻ, ഡോ. കെ.കമലാക്ഷ, നാരായണൻ പേരിയ, വി.വി. പ്രഭാകരൻ, എം.ബി. മുഹമ്മദ് കുഞ്ഞി, ബി.അഷ്റഫ്, ഡോ. വൈ.കെ. മോഹൻ കുമാർ, പ്രഫ. വി.ഗോപിനാഥ് എന്നിവർ പ്രസംഗിച്ചു.

മേൽവിലാസങ്ങൾ തെളിഞ്ഞു കാണുന്നതിന് ചെറിയ മനുഷ്യരാണ് മരങ്ങൾ നശിപ്പിക്കുന്നതെന്ന് മരം നശിപ്പിച്ചതിനെതിരെ പീപ്പിൾസ് ഫോറം കാസർകോട്ട് നടത്തിയ കൂട്ടായ്മ ഉദ്ഘാടനം ചെയ്ത് സുഗതകുമാരി പറഞ്ഞു.

മരങ്ങൾ ഇഞ്ചിഞ്ചായി മരിക്കുമ്പോഴും ഇത് ചെയ്യുന്നവരോട് പൊറുക്കുക, ഒരു മരം നശിപ്പിക്കുമ്പോൾ ഇത്തിരിവട്ടവും തണലും നഷ്ടപ്പെടുത്തുന്നു.

ഇത് ഒരു കൊലപാതകമാണ് നടക്കുന്നത്.

ഇതിനെതിരെ ആയിരം കൈകൾ ഉയരണമെന്നാണ് തന്റെ പ്രാർഥനയെന്ന് അവർ പറഞ്ഞു. പീപ്പിൾസ് ഫോറം പ്രസിഡന്റ് ഇ.രാഘവൻ നായർ അധ്യക്ഷത വഹിച്ചു. സെക്രട്ടറി പി.വിജയൻ, കെ.വി.കുമാരൻ എന്നിവർ പ്രസംഗിച്ചു.

മനോരമ

പെർളയിൽ എൻഡോസൾഫാൻ ആരോഗ്യപ്രശ്നങ്ങൾ എന്ന സെമിനാറിനു ശേഷം കവയിത്രി ബി.സുഗതകുമാരി പീപ്പിൾസ് ഫോറം നടത്തിയ കൂട്ടായ്മയ്ക്ക് മുന്നോടിയായി കാസർകോട്ട് വൃക്ഷത്തൈ നടുന്നു